LIBRARY ARCHIVES Kerala Legislative Assembly

ജൽജീവൻ മിഷൻ പദ്ധതി

157(463) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൽജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി മഞ്ചേശ്വരം മണ്ഡലത്തിൽ നടപ്പിലാക്കുന്ന പ്രോജക്ടുകളുടെ വിശദവിവരങ്ങൾ പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കുമോ?

ജൽജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി മഞ്ചേശ്വരം മണ്ഡലത്തിൽ നടപ്പിലാക്കുന്ന പ്രോജക്ടുകളുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) ഏതെല്ലാം ഫണ്ടുകൾ ഉപയോഗിച്ചാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കുമോ?

കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഫണ്ടുപയോഗിച്ചാണ് പദ്ധതി നടപ്പിലാക്കുന്നത്.

(സി) പ്രസ്തുത പദ്ധതി നിർവ്വഹണം നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

എൻമകജെ പഞ്ചായത്തിൽ 1201 കുടിവെള്ള കണക്ഷനുകളും, വോർക്കാടി പഞ്ചായത്തിൽ 1504 കുടിവെള്ള കണക്ഷനുകളും നൽകിക്കഴിഞ്ഞു. അംഗീകാരം ലഭിച്ച മറ്റ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു.

ആലപ്പുഴ മണ്ഡലത്തിലെ പദ്ധതികൾ

158 (464) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ജലവിഭവ വകുപ്പിൻ കീഴിൽ ആലപ്പുഴ മണ്ഡലത്തിൽ നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കുമോ?

ആലപ്പുഴ മണ്ഡലത്തിൽ കേരള ജല അതോറിറ്റി മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ വിവരങ്ങളും ജലസേചനവും ഭരണവും വകുപ്പുമുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ വിവരങ്ങളും KIIDC മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ വിവരങ്ങളും കുട്ടനാട് പാക്കേജ് മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ വിവരങ്ങളും അനുബന്ധമായി* ഉൾപ്പെടുത്തിയിരിക്കുന്നു. ചീഫ് എഞ്ചിനീയർ, രൂപകല്പനയും പര്യവേക്ഷണവും വകുപ്പുമുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.